LIBRARY ARCHIVES Kerala Legislative Assembly

മലിനീകരണ നിയന്ത്രണ സംവിധാനം

87 (432) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വൻകിട വ്യവസായ സ്ഥാപനങ്ങളിൽ മലിനീകരണനിയന്ത്രണ സംവിധാനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കാത്ത എത്ര സ്ഥാപനങ്ങളാണുള്ളത് ;

(ബി) ഇവയ്ക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ഒഴികെ മലിനീകരണനിയന്ത്രണ സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കാത്ത മറ്റ് വൻകിട വ്യവസായ സ്ഥാപനങ്ങൾ ഇല്ല.

(ബി) ടി സ്ഥാപനത്തിന് സംസ്ഥാന മലനീകരണനിയന്ത്രണ ബോർഡിൽ നിന്നും നിരവധി നിർദ്ദേശങ്ങളും നോട്ടീസുകളും നൽകിയിട്ടുണ്ടെങ്കിലും നിർദ്ദേശങ്ങൾ പാലിക്കാത്തതിനാൽ പ്രവർത്തനാനുമതി പത്രത്തിനായുള്ള അപേക്ഷ ബോർഡ് നിരസിക്കുകയും ഇതുവരെ പ്രവർത്തനാനുമതി പുതുക്കി നൽകിയിട്ടില്ലാത്തതുമാണ്.

കാപ്പിത്തോട് മാലിന്യമുക്തമാക്കാൻ നടപടി

88 (433) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴയിലെ കാപ്പിത്തോട് മാലിന്യംനിറഞ്ഞ് ജനജീവിതം ദുസ്സഹമായിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കാപ്പിത്തോട് മാലിന്യമുക്തമാക്കാൻ എന്തുനടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാപ്പിത്തോട് നവീകരണത്തിനായി 2009-10 സാമ്പത്തിക വർഷത്തിൽ വിഭാവനം ചെയ്ത ഒരു പദ്ധതി പ്രകാരം കാപ്പിത്തോട്ടിൽക്കൂടി പാഴ്ജലം ഒഴുക്കുന്നതിനുള്ള പൈപ്പ് ലൈൻ ഇടുന്നതിനായി ആലപ്പുഴ ജില്ലാ പഞ്ചായത്തിന് 40 ലക്ഷം രൂപ സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡ്